# KERALA PUBLIC SERVICE COMMISSION

## DEPARTMENTAL TESTS
## RESULT OF
## SECOND CLASS LANGUAGE TEST IN MALAYALAM(KANNADA)

## *JANUARY 2009*

**Test Held on**

***02.01.2009***

**RESULT PUBLISHED ON 07/05/2009**

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**നമ്പർ: ഡി..ഇ. I(1)7148/2008/ഇ.ഡബ്ല്യു.** തിരുവനന്തപുരം,
തീയതി:: **07.05.2009**

## വിജ്ഞാപനം

2009 ജനുവരി മാസത്തിൽ കമ്മീഷൻ നടത്തിയ ഡിപ്പാർട്ടുമെൻറൽ പരീക്ഷയിൽ 02.01.2009-നു നടന്ന സെക്കൻറ് ക്ലാസ്സ് ലാംഗ്വേജ് ടെസ്റ്റ് ഇൻ മലയാളം(കന്നഡ)യുടെ പരീക്ഷാഫലം ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നു.

1. പരീക്ഷാർത്ഥി ഒരു ടെസ്റ്റിന് മുഴുവനായും ജയിച്ചിട്ടുണ്ടോയെന്ന് ആ ടെസ്റ്റിൻെറ എല്ലാ പേപ്പറുകളുടെയും ഫലങ്ങൾ നോക്കി മനസ്സിലാക്കേണ്ടതാണ്. 13.01.71-ലെ ജി.ഒ.എം.എസ്.നമ്പർ 19/71/പി.ഡി. ഗവണ്മെൻറ് ഉത്തരവിൻ പ്രകാരം പരീക്ഷയിൽ ജയിച്ചവരുടെ രജിസ്റ്റർ നമ്പരും പേരും മാത്രമാണ് പ്രസിദ്ധം ചെയ്യുന്നത്.

2. **സർട്ടിഫിക്കറ്റ്**

ഓരോ ടെസ്റ്റിൻെറയും സർട്ടിഫിക്കറ്റിന് 50 (അമ്പത്) രൂപ നിരക്കിലാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഒരു ടെസ്റ്റിന് ഒന്നിലധികം പേപ്പറുകളുണ്ടെങ്കിലും 50 രൂപ ഫീസ് അടച്ചാൽ മതിയാകുന്നതാണ്. ഈ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ ആവശ്യമുള്ള ടെസ്റ്റിൻെറ എണ്ണം കണക്കാക്കി മൊത്തം അപേക്ഷാ ഫീസ് അടച്ചുകൊള്ളേണ്ടതാണ്. ഒന്നിലധികം പേപ്പറുകളുള്ള ടെസ്റ്റുകൾക്ക് എല്ലാ പേപ്പറു കൾക്കും ജയിച്ചിട്ടുണ്ടെങ്കിൽ മാത്രമെ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. 1995 ജനുവരി ഒന്നിനു മുമ്പ് പരീക്ഷ പാസ്സായ പരീക്ഷാർത്ഥികൾ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം ആ ടെസ്റ്റ് എഴുതുവാൻ കമ്മീഷൻ ആഫീസിൽ നിന്നും അയച്ചിട്ടുള്ള അസ്സൽ അഡ്മിഷൻ ടിക്കറ്റോ ആയത് നഷ്ടപ്പെട്ടിട്ടുള്ള പക്ഷം കമ്മീഷൻെറ ആഫീസിൽ നിന്നും നൽകിയിട്ടുള്ള അറ്റൻഡൻസ് സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്. 1995 ജനുവരി മുതലുള്ള ഡിപ്പാർട്ട്മെൻറൽ പരീക്ഷ എഴുതിയവർ അഡ്മിഷൻ ടിക്കറ്റോ അറ്റൻഡൻസ് സർട്ടിഫിക്കറ്റോ കൈവശമില്ലായെങ്കിൽ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റി നുള്ള ഫീസ് കൂടാതെ നഷ്ടപ്പെട്ട ഒരു അഡ്മിഷൻ ടിക്കറ്റിന് 100 രൂപ നിരക്കിൽ **0051 psc 105 State PSC 99 Examination fee** എന്ന ഹെഡ്ഡിൽ അടച്ച ചെലാനും 9-ാം ഖണ്ഡികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഐഡൻറിറ്റി സർട്ടിഫിക്കറ്റും 10-ാം ഖണ്ഡികയിൽ കാണിച്ചിട്ടുള്ള സത്യപ്രസ്താവനയും ഫോട്ടോ പതിച്ച് ബന്ധപ്പെട്ട ആഫീസ് മേലധികാരിയോ ഗസറ്റഡ് ആഫീസറോ സാക്ഷ്യപ്പെടുത്തിയതു കൂടി ഹാജരാക്കേണ്ടതാണ്. 29.07.1978-ലെ ജി.ഒ.എം.എസ്. നമ്പർ 3356/78/ജി.എ.ഡി. ഗവണ്മെൻറ് ഉത്തരവിൻ പ്രകാരം 01.04.1977-ന് ശേഷം ഒരു ടെസ്റ്റിൻെറ എല്ലാ പേപ്പറുകളും ജയിച്ചുകഴിഞ്ഞവർക്കു മാത്രമെ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ നൽകുക യുള്ളൂ. 01.04.77-ന് മുമ്പ് ടെസ്റ്റ് ഭാഗികമായി പസ്സാവുകയും എന്നാൽ, 01.04.1977-ന് ശേഷം അതേ ടെസ്റ്റിന് ബാക്കി പേപ്പറുകൾ പാസ്സായി ടെസ്റ്റ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളവർക്ക് കമ്മീഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതല്ല. അങ്ങനെയുള്ളവർ മുൻ നടപടി ക്രമമനുസരിച്ച് റിസൽറ്റ് പ്രസിദ്ധീകരിച്ച ഗസറ്റും അഡ്മിഷൻ ടിക്കറ്റുകളും ബന്ധപ്പെട്ട മേലധികാരികളെ ബോധ്യപ്പെടുത്തി സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ട താണ്. 29.07.1978-ലെ ഗവണ്മെൻറുത്തരവിൻ പ്രകാരം സർട്ടിഫിക്കറ്റിന് അർഹതയുള്ള ഉദ്യോഗസ്ഥന്മാർ പരീക്ഷ ജയിച്ച വിവരം സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ട താണ്. ആയതിന് കമ്മീഷൻ നൽകുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പ് മേലധികാരി

മുൻപാകെ ഹാജരാക്കാണ്ടേതാണ്.

3. സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുവാനുള്ള അപേക്ഷാഫാറത്തിൻെറ മാതൃക ഒൻപതാം ഖണ്ഡികയിൽ കൊടുത്തിട്ടുണ്ട്. ഒന്നിലധികം ടെസ്റ്റിന് സർട്ടിഫിക്കറ്റ് ആവശ്യമുള്ളവരും ഒരു അപേക്ഷ മാത്രം അയച്ചാൽ മതിയാകുന്നതാണ്. നിർദ്ദിഷ്ട ഫാറത്തിലല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

4. **അറ്റൻഡൻസ് സർട്ടിഫിക്കറ്റ്, മാർക്ക് വിവരങ്ങൾ**

**2005 ജനുവരി ഒന്നുമുതൽ അറ്റൻഡൻസ് സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർത്തലാക്കിയിരിക്കുകയാണ്. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയ മൂന്നു മാസത്തിനകം പരീക്ഷയിൽ വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള മാർക്കിൻെറ വിവരങ്ങൾക്ക് അപേക്ഷിക്കേണ്ടതാണ്. അത്തരം ഓരോ അപേക്ഷയിലും ഒരു ടെസ്റ്റിൻെറ ഓരോ പേപ്പറിനും 20 രൂപ നിരക്കിലുള്ള അപേക്ഷാഫീസ് ഉണ്ടായിരിക്കണം. മാർക്ക് ലിസ്റ്റിന് അപേക്ഷിക്കുന്നവർ ടെസ്റ്റുകളുടെ പേരും അവരുടെ അഡ്മിഷൻ ടിക്കറ്റ് നമ്പരും അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം. മൂന്നു മാസത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.. സർട്ടിഫിക്കറ്റിനും മാർക്ക് ലിസ്റ്റിനും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.**

5. **മാർക്ക് പുനഃപരിശോധന**

ഉത്തരക്കടലാസ്സുകൾ പുനഃപരിശോധിക്കുവാൻ നിലവിലുള്ള നടപടിക്രമമനുസരിച്ച് അനുവാദമില്ല. എന്നാൽ ഉത്തരക്കടലാസ്സിന് ഒന്നിന് **25 രൂപ** ഫീസ് ഒടുക്കി അപേക്ഷിച്ചാൽ വിവിധ ഉത്തരങ്ങൾക്ക് നൽകിയിട്ടുള്ള മാർക്കുകൾ കൂട്ടി നോക്കി തെറ്റുകൾ ഉണ്ടോയെന്ന് പരിശോധിച്ച് വിവരം അറിയിക്കുന്നതാണ്. അപ്രകാരമുള്ള അപേക്ഷകൾ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. ഒരു മാസത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**6.** മേൽപ്പറഞ്ഞ ഫീസുകൾ സംസ്ഥാനത്തെ ഏതെങ്കിലും ഗവണ്മെൻറ് ട്രഷറിയിൽ **"0051-105-സ്റ്റേറ്റ് പി.എസ്.സി. 99 എക്സാമിനേഷൻ ഫീ"** എന്ന അക്കൗണ്ടിലേയ്ക്ക് അടച്ച് അസ്സൽ രസീത് അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അയയ്ക്കുന്ന ഫീസ് യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല.

**7.** പരീക്ഷാഫലം തിരുവനന്തപുരത്ത് പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിലും കമ്മീഷൻെറ എല്ലാ ജില്ലാ ആഫീസുകളിലും കമ്മീഷൻെറ റീജിയണൽ ആഫീസുകളിലും എല്ല കളക്ട്രേറ്റുകളിലും ജില്ല ഇൻഫർമേഷൻ ആഫീസുകളിലും കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും കേരള പബ്ലിക് സർവീസ് കമ്മീഷൻെറ **www.keralapsc.org** എന്ന വെബ്സൈറ്റിലും പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. പരീക്ഷാഫലം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ അത് **സൂക്ഷ്മമായി പരിശോധിക്കേണ്ടതും നമ്പരിലോ പേരിലോ തെറ്റുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ വിവരം രേഖാമൂലം ഡിപ്പാർട്ട്മെൻറൽ ടെസ്റ്റ് വിഭാഗം ജോയിൻറ് സെക്രട്ടറിയുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതുമാണ്. ഈ പകർപ്പിലും തെറ്റ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അപ്രകാരമുള്ള അപേക്ഷകൾ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് മൂന്നു മാസത്തിനകം തന്നെ സമർപ്പിക്കേണ്ടതാണ്. തെറ്റുകൾ തിരുത്തി വിജ്ഞാപനം ചെയ്യുന്നതിന് ഇത് വളരെ സഹായകമായിരിക്കും.**

# 8. APPLICATION FOR CERTIFICATE OF THE DEPARTMENTAL TESTS

1.(a) Name (in Capital Letters) :

(b) Official Designation :

2. Address to which certificate is to be sent :

3. Male or Female :

4. Name of Test for which Certificates required :

i)

ii)

iii)

iv)

5. Details of Tests passed

| Name of papers or part | Month & Year of passing the Examination | Register Number |
|---|---|---|

6. Whether you have produced along with the application all the relevant Admission Tickets/Attendance Certificates :

7. Total value of chalan receipt enclosed (Number and Date) :

8. Signature of the Candidate :

9. Date of Application :

Note:

1. If the relevant Admission Tickets (Original Attendance Certificate) are not produced, the application will not be entertained.
2. The fee is Rs.50/- per Certificate
3. Certificate will not be issued for individual papers of a test.

**HEAD OF ACCOUNT: "0051- PSC-800 OTHER RECEIPTS-99 OTHER RECEIPTS"**

## 9. ANNEXURE –II
## KERALA PUBLIC SERVICE COMMISSION
## IDENTITY CERTIFICATE

**Here affix recent Passport Size Photograph of the Candidate and attest it by the Head of Office/ Department**

**Specimen**
**Signature of the Candidate**

**1. . . …………………………..**
**2. … ………………………….**
**3. ………………………………..**

Certified that the Photograph and Specimen Signature affixed above is of Sri/Smt.………………………. and that he /she had appeared for the Departmental Test conducted by the Kerala Public Service Commission during January /July ……….

**(Office Seal)**

**Signature,Name & Designation of the Head of Office/ Department**

## 10. AFFIDAVIT

I, . . . . . . ….. . . . solemnly affirm and declare that I myself had appeared for the Departmental tests …………………. as per details appended and my original Admission Ticket of the above examination was irrecoverably lost.

| Name & Address of the Candidate | Name of Test and papers attended | Name of Examination Centre | Register No. |
|---|---|---|---|
| | | | |

**Station:**
**Date :**

**(Name & Signature of the Candidate):**

**Signed before me.**
**Signature, Name & Designation of**
**Head of Office/ Department**

Note: 1. The affidavit and identity certificate should be signed before the Head of Office who should countersign and identify the photograph and Specimen Signature.

2. Head of Office means the Drawing and Disbursing Officer or other Superior Controlling Officer.

***Head of Account: '0051-105 State PSC –99 Examination Fee'.***

**SECRETARY**
**KERALA PUBLIC SERVICE COMMISSION**

**Office of the K.P.S.C.**
**Pattom, Thiruvananthapuram-695 004**

***SRS.07.05.09***

**HO-THIRUVANANTHAPURAM**
**KERALA PUBLIC SERVICE COMMISSION, THULASI HILLS, PATTOM PO**
**Thiruvananthapuram 695001**

## DEPARTMENTAL EXAM RESULT DETAILS FOR SECOND CLASS LANGUAGE TEST IN MALAYALAM

**Exam Date** : 02/01/2009
**Syllabus** : Translating an essay passagar Kannada

| SI No | Register Number | Candidate Name |
|---|---|---|
| 1 | 31278 | JAYAPRAKASH P. |
| 2 | 29369 | GOPALAKRISHNA BHAT D |
| 3 | 29379 | HARSHARAJA BHANDARY B |
| 4 | 29463 | PUSHPA P |
| 5 | 29485 | RAMACHANDRA.T |
| 6 | 29520 | SATHEESHA K |
| 7 | 29548 | SHOBHA.H |
| 8 | 29580 | SURENDRA.P |
| 9 | 29588 | SWARNA P C |
| 10 | 29606 | VENKATRAMA D |

**SECRETARY**
**KERALA PUBLIC SERVICE COMMISSION**

**Office of the K.P.S.C.**
**Pattom, Thiruvananthapuram-695 004**

***SRS.07.05.09***